IV. ശ്രദ്ധ ക്ഷണിക്കൽ

(1) 10-ാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശകളിലെ അപാകതകൾ

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഒൻപതാം ശമ്പളപരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ അപാകതകൾ പരിഹരിച്ച് ജീവനക്കാരുടെ അസംതൃപ്തികൾക്ക് പരിഹാരം കാണണമെന്നുള്ളതാണ് എന്റെ കാളിംഗ് അറ്റൻഷൻ. സംസ്ഥാനത്തെ സർക്കാർ സർവ്വീസിലെ വിവിധ തസ്തികകളിലെ ശമ്പളസ്കെയിൽ തമ്മിലുണ്ടായിരുന്ന സന്തുലിതാവസ്ഥ പൂർണ്ണമായി ഇല്ലാതാക്കുന്ന തരത്തിലാണ് ശമ്പളകമ്മീഷൻ ശിപാർശകൾ സമർപ്പിച്ചിരിക്കുന്നത്. നിരവധി തസ്തികകൾ തരംതാഴ്ത്തപ്പെട്ടിരിക്കുകയാണ്. വി.ഇ.ഒ., ഡ്രൈവർമാർ, അദ്ധ്യാപകർ, ടൈപ്പിസ്റ്റുമാർ, ലബോറട്ടറി ടെക്നീഷ്യൻസ് അസിസ്റ്റന്റ്സ്, പോലീസുകാർ, ഫുഡ് ഇൻസ്പെക്ടർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, ക്ലാസ് ഫോർ ജീവനക്കാർ, സർവ്വേയർമാർ, കോടതിജീവനക്കാർ, അലോപ്പതി-ആയുർവ്വേദ-ഹോമിയോ-വെറ്റിനറി ഡോക്ടർമാർ, ലൈബ്രറി ജീവനക്കാർ, റവന്യൂ ജീവനക്കാർ, വിവിധ വകുപ്പുകളിലെ എഞ്ചിനീയർമാർ, ഓവർസീയർമാർ, ഡ്രാഫ്റ്റ്സ്മാൻമാർ, ലൈൻമാന്മാർ മറ്റു വകുപ്പുകളിലെ ഡെപ്യൂട്ടി ഡയറക്ടർമാർ, ജോയിന്റ് ഡയറക്ടർ തസ്തികകൾ തുടങ്ങി സാങ്കേതിക വിഭാഗമെന്നോ ജനറൽ വിഭാഗമെന്നോ ഫീൽഡ് വിഭാഗമെന്നോ ഓഫീസ് വിഭാഗമെന്നോ വ്യത്യാസമില്ലാതെ ഭൂരിഭാഗം മേഖലകളിലും നിലവിലുണ്ടായിരുന്ന ശമ്പള സ്കെയിലുകളുടെ സന്തുലിതാവസ്ഥ തകിടം മറിച്ചിരിക്കുകയാണ്. ഇത് ശമ്പളപരിഷ്കരണ ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്ത സംഭവമാണ്. ഇതിനുപരിഹാരമായി സമാന തസ്തികകൾക്ക് തത്തുല്യമായ ശമ്പളസ്കെയിൽ അനുവദിക്കണം. സർവ്വീസ് വെയിറ്റേജ്, പുതിയ ശമ്പള ഫിക്സേഷനുള്ള ഒരു ഘടകമായി മാറ്റിയിരിക്കുകയാണ്. സംസ്ഥാനത്ത് കഴിഞ്ഞ ശമ്പള പരിഷ്കരണത്തിൽ നടപ്പിലാക്കിയതുപോലെ സർവ്വീസ് ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി നാല് ഇൻക്രിമെന്റുകൾ വരെ പുതിയ സ്കെയിലിൽ നൽകണം. വിലക്കയറ്റത്തിന്റെ കാര്യം പരിഗണിച്ച് ശാസ്ത്രീയമായ ഒരു ശമ്പളഘടന നിശ്ചയിക്കേണ്ടതാണ്. ഇതിനു പകരം ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ച് സ്കെയിലുകൾ തയ്യാറാക്കുന്ന അശാസ്ത്രീയമായ രീതിയാണ് കമ്മീഷൻ അവലംബിച്ചിരിക്കുന്നത്. അതിനാൽ മിക്ക സ്കെയിലുകളിലും സ്റ്റാഗ്നേഷൻ അനുഭവപ്പെടുന്നു. പല സ്റ്റേജുകളിലും 2004-നേക്കാൾ കുറഞ്ഞ ഇൻക്രിമെന്റ് നിരക്കുകളാണ് ശിപാർശ ചെയ്തിരിക്കുന്നത്. സിവിൽ സർവ്വീസിലെ ഒരു ക്ലാസ്ഫോർ ജീവനക്കാരന് നിശ്ചയിച്ചിരിക്കുന്ന ഒരു ദിവസത്തെ ശമ്പളം 238 രൂപ മാത്രമാണ്. പാർട്ട് ടൈം ജീവനക്കാർക്ക് പ്രതിദിനം 10 രൂപയുടെ വർദ്ധനവ് മാത്രമാണ് കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളത്. സാമൂഹിക യാഥാർത്ഥ്യങ്ങളോട് പുറംതിരിഞ്ഞുനിൽക്കുന്ന ഈ സമീപനം തിരുത്തണം. ഇടക്കാലാശ്വാസം നിഷേധിച്ചും, പുതുക്കിയ ശമ്പളം 2011 മേയ് മാസം വരെ നീട്ടിയും ശമ്പള പരിഷ്കരണ ബാധ്യതയിൽ നിന്ന് എൽ.ഡി.എഫ്. സർക്കാർ പൂർണ്ണമായും ഒഴിഞ്ഞുമാറിയിരിക്കുകയാണ്. പെൻഷൻ, കുടുംബപെൻഷൻ, ഗ്രാറ്റുവിറ്റി

LIBRARY ARCHIVES Kerala Legislative Assembly

എന്നിവയുടെ കാര്യത്തിലും കമ്മീഷൻ സ്വീകരിച്ച നിലപാടുകളും പരിതാപകരമാണ്. ഫുൾ പെൻഷന് സർവ്വീസ് കാലാവധി കുറയ്ക്കണമെന്ന ആവശ്യം പരിഗണിക്കപ്പെട്ടിട്ടില്ല. പെൻഷൻകാരുടെ മെഡിക്കൽ അലവൻസുകളിലും കാര്യമായ വർദ്ധനവ് ശിപാർശ ചെയ്തിട്ടില്ല. വിവിധ വകുപ്പുകളിലെ ജീവനക്കാർ ശമ്പളപരിഷ്കരണ ശിപാർശകളിലെ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി പ്രത്യക്ഷ സമരത്തിലാണ്. സാമ്പത്തിക വർഷം അവസാനിക്കുന്ന ഈ അവസരത്തിൽ ജീവനക്കാരുടെ നിസ്സഹകരണം വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും. ജീവനക്കാരുടെ അസംതൃപ്തികൾ പരിഹരിക്കണം. ഇതിനായി രൂപീകരിച്ചിട്ടുള്ള മന്ത്രിസഭാ ഉപസമിതി ഈ കാര്യത്തിൽ ഗൗരവമായും അടിയന്തരമായും തീരുമാനമുണ്ടാക്കുകയും സംസ്ഥാനത്തെ എല്ലാ വിഭാഗം ജീവനക്കാർക്കും അദ്ധ്യാപകർക്കും തൃപ്തികരമായ രീതിയിൽ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം. ഹെൽത്ത് സർവ്വീസിലെ പതിനായിരത്തോളം വരുന്ന ജീവനക്കാർ ഇന്ന് സെക്രട്ടേറിയറ്റ് മാർച്ച് നടത്തിക്കൊണ്ടിരിക്കുകയാണ്. വെറ്ററിനറി ഡിപ്പാർട്ടുമെന്റിലെ മുഴുവൻ സർജന്മാരും ഡോക്ടർമാരും ആഴ്ചകളായി സമരത്തിലായതിന്റെ ഫലമായി നിരവധി പ്രയാസങ്ങൾ നേരിടുകയാണ്. ബഹുമാന്യനായ മന്ത്രി സി. ദിവാകരൻ തന്നെ ഈ കാര്യം വളരെ പരസ്യമായി കഴിഞ്ഞ ദിവസം പ്രകടിപ്പിക്കുകയുണ്ടായി. അതുകൊണ്ട് ജീവനക്കാർ പലതലങ്ങളിലും അവരുടെ അതൃപ്തി പ്രകടിപ്പിച്ചിരിക്കുകയാണ്. ഇത് പഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും പ്രവർത്തനങ്ങളെ ബാധിച്ചിരിക്കുന്നു. മാത്രമല്ല, ഡിപ്പാർട്ടുമെന്റുകളിലെ മൊത്തം പ്രവർത്തനത്തെയും ബാധിച്ചിരിക്കുന്നു. ഈ മാർച്ച് 31-നു മുമ്പ് തീർക്കേണ്ട പല പദ്ധതികളും ജീവനക്കാരുടെ അസംതൃപ്തിമൂലം തീർക്കാൻ പറ്റാതെ വരികയാണ്. ഈ കാര്യത്തിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അടിയന്തരമായി തീരുമാനമുണ്ടാക്കുന്ന നടപടികളുമായി മുന്നോട്ടുപോകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 20-2-2010-ലെ എം എസ്. നമ്പർ 81/2010/ധന. വകുപ്പ് സർക്കാർ ഉത്തരവ് അനുസരിച്ച് ജസ്റ്റിസ് രാജേന്ദ്രബാബു അദ്ധ്യക്ഷനായും ഡോ. മോഹനൻ പിള്ള, അഡ്വ. പി. വേണുഗോപാലൻ നായർ എന്നിവർ അംഗങ്ങളായും 9-ാം ശമ്പളപരിഷ്കരണ കമ്മീഷനെ സർക്കാർ നിയമിച്ചു. പരിശോധനാ വിഷയങ്ങൾക്കനുസൃതമായി കമ്മീഷൻ 31-12-2010-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. 5-1-2011-ന് 5574-ാം നമ്പർ മന്ത്രിസഭാ തീരുമാനമനുസരിച്ച് ധനകാര്യ വകുപ്പുമന്ത്രി അദ്ധ്യക്ഷനായി ഏഴംഗ മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചു. മന്ത്രിസഭാ ഉപസമിതി ഈ റിപ്പോർട്ട് പഠിച്ചുവരികയാണ്. കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന ജീവനക്കാരുടെ ശമ്പളം വെട്ടിക്കുറച്ചുവെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുകേട്ടാൽ

LIBRARY ARCHIVES Kerala Legislative Assembly

തോന്നുന്നത്. ഈ പരിഷ്കരണത്തിന്റെ ഫലമായി ചുരുങ്ങിയത് രണ്ടായിരം കോടി രൂപ ഒരു വർഷം സർക്കാരിന് അധികച്ചെലവ് വരികയാണ്. അരിയേഴ്സിനെക്കുറിച്ചല്ല ഞാൻ പറയുന്നത്. എന്നാൽ കമ്മീഷൻ ചില വിഭാഗങ്ങൾക്ക് മറ്റുള്ളവരേക്കാൾ കൂടുതൽ ശമ്പളം നിശ്ചയിച്ചിട്ടുണ്ട്. അത് മറ്റുള്ളവരിൽ അസംതൃപ്തി ഉണ്ടാക്കിയിട്ടുണ്ട്. ഇക്കാര്യങ്ങൾ സംബന്ധിച്ച് ജീവനക്കാരിൽ പലരും നിവേദനം തന്നിട്ടുണ്ട്. അവ വിശദമായി പരിശോധിച്ച് അനുഭാവപൂർവ്വം എങ്ങനെ പരിഹരിക്കാൻ പറ്റുമെന്നുള്ളതിനെ സംബന്ധിച്ച് മന്ത്രിസഭാ ഉപസമിതി തീരുമാനമെടുക്കും. ധനകാര്യ സെക്രട്ടേറിയറ്റും ഇത് പരിശോധിച്ചുവരികയാണ്. രണ്ട് പ്രശ്നമുണ്ട്. അതിൽ ഒന്ന്, ഇതൊക്കെ പരിഹരിക്കണം, അതിന് സംവിധാനം വേണം. രണ്ട്,ഈ മാസംതന്നെ ശമ്പള പരിഷ്കരണ ഉത്തരവ് ഇറക്കണം, ഇതെങ്ങനെ യോജിപ്പിച്ചുകൊണ്ടുപോകാൻ പറ്റുമെന്നുള്ളത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, സംസ്ഥാനത്തെ ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ ഉൾപ്പെടെയുള്ള ആളുകൾ ശമ്പളപരിഷ്കരണ കമ്മീഷന്റെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടേറിയറ്റിലേക്ക് ഒരു മാർച്ച് നടത്തുന്നുണ്ട്. ഒരുപാട് സംഘടനകൾ ഇതുപോലെ മാർച്ച് നടത്തി. ഡോക്ടർമാർ സമരം ചെയ്തു. വെറ്ററിനറി ഡോക്ടർമാർ ഉൾപ്പെടെയുള്ള ആളുകളും സംഘടനകളും നിരവധി നാളുകളായി സമരത്തിലാണ്. ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഹെൽത്ത് ഇൻസ്പെക്ടർമാർ ഇന്നലെ നടത്തിയ സെക്രട്ടേറിയറ്റ് മാർച്ചിൽ പങ്കെടുത്തവർക്ക് ഡയസ്നോൺ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത് ഒരു ജനാധിപത്യ സമൂഹത്തിന് യോജിച്ചതാണോ? ഒരു ഇടതുപക്ഷ ഗവൺമെന്റിന് യോജിച്ചതാണോ? ഈ ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് സെക്രട്ടേറിയറ്റ് മാർച്ചിലും സമരത്തിലും പങ്കെടുക്കുന്ന ഹെൽത്ത് സർവ്വീസിലെ ജീവനക്കാർക്ക് ബാധകമാക്കിയിരിക്കുന്ന ഡയസ്നോൺ പിൻവലിക്കാൻ അങ്ങ് തയ്യാറാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, തയ്യാറല്ല. സർക്കാരിന് ഇവയെല്ലാം വിശദമായി പരിശോധിക്കുന്നതിനുപോലും സമയവും സന്ദർഭവും നൽകാതെ, ...അവർക്കു മാത്രമല്ല, എന്റെ വകുപ്പിലെ അസിസ്റ്റന്റ് കമ്മീഷണർമാർ നേരത്തെ സർക്കിൾ ഇൻസ്പെക്ടർമാരുമായുള്ള തുല്യത മാറിയെന്ന് പറഞ്ഞ് അവർ ഇതുപോലെ കൂട്ട കാഷ്വൽ ലീവ് എടുക്കാൻ തീരുമാനിച്ചു. ഡയസ്നോൺ അവർക്കും ബാധകമാവും. എന്താണെന്നു വച്ചാൽ സർക്കാർ ഉദാരമായ ഒരു സമീപനം കൈക്കൊള്ളുന്നുവെന്ന് കരുതി തലയിൽ കയറി ഇരിക്കാമെന്ന് ആരും ചിന്തിക്കണ്ട. ആ കാര്യത്തിൽ കർശനമായ നിലപാട് സ്വീകരിക്കും. ഞാൻ വ്യക്തമാക്കിക്കഴിഞ്ഞു, ചില വിഭാഗങ്ങൾക്ക് ശമ്പളം കൂടുതൽ കൊടുത്തതുകൊണ്ട് തുല്യതയിൽ വ്യത്യാസം വന്നിട്ടുണ്ട്, അസംതൃപ്തി ഉണ്ടായിട്ടുണ്ട്. ഇത് അവധാനതയോടെ പരിശോധിച്ച് തീരുമാനമെടുക്കേണ്ട ഒരു കാര്യമാണ്. എല്ലാ ശമ്പള പരിഷ്കരണ കമ്മീഷനിലും ഇതുപോലെയുള്ള പ്രശ്നങ്ങൾ വരും. അതൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

അനുഭാവപൂർവ്വം പരിശോധിക്കുന്നതിനുള്ള സംവിധാനവും സന്ദർഭമുണ്ടാക്കുമെന്ന് ഞാൻ പറയുന്നു. പക്ഷേ, അതുവച്ചിട്ട് ഈ രീതിയിൽ ആരോഗ്യ വകുപ്പ് ചികിത്സയ്ക്ക് വരാതെ പോയാലോ? സർക്കാർ നോ എന്ന് പറഞ്ഞിട്ട് അതിന്റെ അടിസ്ഥാനത്തിലാണ് ചെയ്യുന്നതെങ്കിൽ മനസ്സിലാക്കാം. ഇന്നേവരെ നോ എന്നൊരാൾ പറഞ്ഞിട്ടില്ല. ഈ ഡയസ്നോൺ ആരാണ് ഇവിടെ കൊണ്ടുവന്നത്. അതുകൊണ്ട്, ആ നയത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല.

(2) സ്ത്രീ പീഡനക്കേസ്സുകൾ

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> സർ, കേരളത്തെ വളരെയധികം വേദനിപ്പിച്ച ചില അനുഭവങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. സാമൂഹ്യനീതിയും സദാചാരമൂല്യങ്ങളും നിലനിർത്തിക്കൊണ്ടുമാത്രമേ മനുഷ്യ സമൂഹത്തിന് സംസ്കാരസമ്പന്നരായി മുന്നേറാൻ കഴിയുകയുള്ളൂ. പരിഷ്കൃത സമൂഹത്തിനനുസൃതമായ നിയമങ്ങളും കോടതികളും നീതിനിർവ്വഹണ സംവിധാനവും നാം ഉണ്ടാക്കുന്നത് അതിനുവേണ്ടിയാണ്. കോടതികൾ സമൂഹത്തിന്റെ അവസാന ആശ്രയമാണെന്നാണ് ജനങ്ങൾ കരുതുന്നത്. നീതി ദേവതയുടെ കണ്ണ് കെട്ടിയിരിക്കുന്നത് മുഖം നോക്കാതെ നിഷ്പക്ഷനീതി ഉറപ്പുവരുത്തുമെന്നതിന്റെ പ്രതീകമായിട്ടാണ്. കോടതികൾക്ക് തെളിവുകളാണ് പ്രധാനം. പ്രമാദമായിട്ടുള്ള ചില കുറ്റകൃത്യങ്ങൾ തെളിവുകളുടെ അഭാവത്തിൽ തെളിയിക്കപ്പെടാതെ പോകുമ്പോൾ, കുറ്റവാളികൾ രക്ഷപ്പെടുമ്പോൾ മനഃസാക്ഷി മരവിച്ചുപോകാറുണ്ട്. പിന്നീട് എപ്പോഴെങ്കിലും തെളിവുകൾ മറനീക്കി പുറത്തുവരുമ്പോൾ നാം ആശ്വസിക്കാറുണ്ട്. കുറ്റകൃത്യം എത്രതന്നെ മൂടിവച്ചാലും ഒരുനാൾ പുറത്തുവരുമെന്ന് ഉപനിഷത്തുകൾ പറഞ്ഞിട്ടുണ്ട്. സത്യത്തിന്റെ മുഖം സ്വർണ്ണപ്പാത്രം കൊണ്ട് മൂടിവച്ചാലും അത് ഒരുനാൾ പുറത്തുവരുമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ ഇന്നത്തെ സമൂഹത്തിൽ പണത്തിനും അധികാരത്തിനും അമിതമായി സ്വാധീനം ചെലുത്താൻ കഴിയുന്നു എന്നാണ് നമുക്ക് കാണാൻ സാധിക്കുന്നത്. നീതിന്യായ കോടതികളെപ്പോലും പണം കൊടുത്ത് സ്വാധീനിക്കുന്നതിന്റെ വിവരങ്ങൾ പുറത്തുവന്നു കൊണ്ടിരിക്കുകയാണ്. അത്തരം വാർത്തകൾ തെളിവുകൾ സഹിതം രാജ്യത്തിന്റെ പല ഭാഗത്തുനിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ആദരണീയരായ പല ന്യായാധിപന്മാരും സമൂഹത്തിലെ ഉന്നത വ്യക്തികളും ഈ അപചയത്തെ വിമർശിച്ചിട്ടുണ്ട്. ഗുജറാത്ത് കലാപത്തിന്റെ ഭാഗമായി ബെസ്റ്റ് ബേക്കറി കേസിൽ സഹിതാ രഷേക്ക് എന്ന പെൺകുട്ടി തന്റെ ബന്ധുക്കളെയും സുഹൃത്തുക്കളെയും നാട്ടുകാരെയും കൺമുമ്പിൽ വച്ച് തീവ്രവാദികൾ ചുട്ടുകൊല്ലുന്നത് കണ്ടിട്ടും പിന്നീട് അവൾ ആദ്യം പറഞ്ഞ മൊഴി മാറ്റിപ്പറയുകയുണ്ടായി. പ്രതികൾ ആദ്യം രക്ഷപ്പെട്ടെങ്കിലും പിന്നീട് ഈ കുറ്റകൃത്യം തെളിയിക്കാൻ നമുക്ക് സാധിച്ചു. മലയാളിയായ മുൻ ഡി.ജി.പി.-യുടെ കൂടി സഹായത്താലാണ് അത് തെളിയിക്കപ്പെട്ടിട്ടുള്ളതെന്ന് നമുക്കറിയാം, ജാതവേദൻ നമ്പൂതിരിപ്പാട്. കേരളം അടക്കമുള്ള ഇൻഡ്യയിലെ ജനങ്ങൾ ഒരുപാട് ആശ്വസിക്കുകയും നെടുവീർപ്പിടുകയും ചെയ്തിട്ടുള്ള കാര്യമാണ് ഈ ബെസ്റ്റ് ബേക്കറി കേസ് തെളിയിക്കപ്പെട്ടു എന്നുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly